## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2080 18.07.2016-ലെ മറുപടിക്ക്

### കൊയിലാണ്ടി പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷനിലെ പോരായ്മകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ. ദാസൻ** | **ശ്രീ.ജി.സുധാകരൻ**<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷനിലെ അസിസ്റ്റന്റ് എൻജിനിയർ നിലവിൽ വടകര സെക്ഷന്റെ അധിക ചുമതല വഹിക്കുന്നതിനാൽ കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഒന്നുംതന്നെ സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വടകര സെക്ഷനിൽ അസിസ്റ്റന്റ് എൻജിനിയറെ നിയമിച്ചുകൊണ്ട് ഇതിന് പരിഹാരം ഉണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വടകര സെക്ഷനിലെ അസിസ്റ്റന്റ് എൻജിനിയർ തസ്തിക നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ദൗർലഭ്യം വകുപ്പിനു കീഴിലെ വിവിധ ഓഫീസുകളിൽ നിലനിൽക്കുന്നുണ്ട്. ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും റാങ്ക് ലിസ്റ്റ് നിലവി-ലില്ലാത്തത് നിയമനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം/സ്ഥലം മാറ്റം മുഖേന അസിസ്റ്റന്റ് എൻജിനിയറെ ഉടനെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത സെക്ഷനിൽ മൂന്ന് ഓവർസിയർമാരുടെ കുറവു കാരണം സെക്ഷനിലെ പ്രവൃത്തികളുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ബിൽഡിംഗ് സെക്ഷനിൽ ഓവർസിയർമാരെ നിയമിയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ-യെന്ന് വ്യക്തമാക്കുമോ? | (ബി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കൊയിലാണ്ടി ബിൽഡിംഗ്സ് സെക്ഷനിലെ 3rd Grade Overseer-മാരുടെ അനുവദിക്കപ്പെട്ട 4 തസ്തികകളിൽ മൂന്ന് തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഒഴിവുകൾ എല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ